**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5216** **21-03-2025 - ൽ മറുപടിയ്ക്ക്**

**ആർ.ഐ.ഡി.എഫ് ഫണ്ടുപയോഗിച്ച് തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | റൂറൽ ഇൻഫ്രാ സ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് കൃഷിവകുപ്പ് തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ കുളങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) ഉപയോഗിച്ച് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവർ മുഖേന നടപ്പിലാക്കിയതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം - I, അനുബന്ധം - II ആയി ചേർക്കുന്നു. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് ഏതെല്ലാം കുളങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | (ബി) | 'തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ആറ് കുളങ്ങളുടെ നവീകരണം' എന്ന പദ്ധതിക്കായി കെ.എൽ.ഡി.സി. മുഖേന 7,57,95,000/- രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ് XXX സ്കീമിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**

| ക്രമ. നം | RIDF ട്രാഞ്ചെ | പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | RIDF 21 | ഇരിങ്ങനംതോട് നീർത്തട പദ്ധതി | 220 | 218.15 | 748 ഹെക്ടർ പ്രദേശ സംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിച്ചു. |
| 2 | RIDF 22 | കുന്നാംതോട് നീർത്തടം | 125 | 124.13 | 605.79 ഹെക്ടർ സംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിച്ചു. |
| 3 | RIDF 22 | കല്ലൂർത്തുറ | 112.90 | 74.36 | 244.47 ഹെക്ടർ സംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിച്ചു. |
| 4 | RIDF 22 | പകവത്ത് | 218.50 | 210.66 | 1184 ഹെക്ടർ സംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിച്ചു. |
| 5 | RIDF 22 | പൂപ്പതി വാൻതോട് | 76.80 | 72.95 | 60 ഹെക്ടർ സംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിച്ചു. |
| 6 | RIDF 22 | വിൽവട്ടം, നെട്ടിശ്ശേരി പാടശേഖരം (ഫേസ് - I) അടിസ്ഥാന സൌകര്യ വികസനം | 300 | 252.15 | 70 ഹെക്ടർ പാടശേഖര സംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിച്ചു. |
| 7 | RIDF 24 | വിൽവട്ടം, നെട്ടിശ്ശേരി ഒല്ലൂക്കര പാടശേഖരം (ഫേസ് - II) അടിസ്ഥാന സൗകര്യ വികസനം | 531.5 | 455.1 | 276 ഹെക്ടർ പാടശേഖര സംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിച്ചു. |
| 8 | RIDF 24 | മാത്തുതോട് അടിസ്ഥാന സൗകര്യ വികസനം | 507.2 | 190.96 | 137 ഹെക്ടർ പാടശേഖര സംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിച്ചു. |
| 9 | RIDF 25 | തെക്കുപാടംതോട് നീർത്തടം | 104.90 | 89.64 | 2275 ഹെക്ടർ സംരക്ഷണം, പുരോഗമിക്കുന്നു. |
| 10 | RIDF 25 | കുഴിയാംപാടം തെക്കേകൊണ്ടാഴി | 77.99 | 67.38 | 599 ഹെക്ടർ സംരക്ഷണം, പുരോഗമിക്കുന്നു. |
| **ആകെ** | | | **2274.79** | **1755.48** | |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം – II</u>

<u>കേരള ലാൻഡ്  ഡവലപ്പ്മെന്റ് കോർപ്പറേഷൻ</u>

| ക്രമ നം | പദ്ധതിയുടെ പേര് | ഭരണാനുമതി (ലക്ഷത്തിൽ) | പുരോഗതി | റിമാർക്സ് |
|---|---|---|---|---|
| 1 | നബാർഡ് RIDF XXIV– നെട്ടുപുഴയിലെ ആറാട്ടുപുഴ ദുർഗാദേവി ക്ഷേത്രക്കുളത്തിന്റെ നവീകരണവും തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ മണ്ഡലത്തിലെ മുപ്പാടം നെല്ലുപാടശേഖര സമിതിയിലെ അനുബന്ധ പ്രവർത്തനങ്ങളും | 477.87 | 100% | പണി പൂർത്തിയായി. അവസാന ബിൽ അടച്ചു. |
| 2 | നബാർഡ് RIDF XXIV– തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരത്തുള്ള ശ്രീകൃഷ്ണസ്വാമി ക്ഷേത്രക്കുളത്തിന്റെ നവീകരണം. | | 100% | പണി പൂർത്തിയായി. |
| 3 | നബാർഡ് RIDF XXIV– തൃശ്ശൂർ ജില്ലയിലെ ആറ് കുളങ്ങളുടെ നവീകരണം – ചേർപ്പ് ഗ്രാമപഞ്ചായത്തിലെ പനംകുളം. | 464.01 | 98% | പ്രവൃത്തി പൂർത്തീകരിച്ചു. |
| | ചേർപ്പ് ഗ്രാമപഞ്ചായത്തിലെ പെരുവനം ക്ഷേത്രക്കുളം. | | 100% | |
| | അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ ചടയംകുളം | | 100% | |
| | അന്നമ്മനട ഗ്രാമപഞ്ചായത്തിലെ കുട്ടൻകുളം. | | 100% | |
| | കുഴൂർ ഗ്രാമപഞ്ചായത്തിലെ പോളക്കുളം. | | 100% | |
| | കൊടകര ഗ്രാമപഞ്ചായത്തിലെ പൂത്തികുളങ്ങര കുളം | | 100% | |
| 4 | നബാർഡ് RIDF XXII – തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് കാർത്ത്യായനി ക്ഷേത്രക്കുളത്തിന്റെ നവീകരണം. | 67.50 | 100% | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| 5 | നബാർഡ് RIDF XXII – തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പടിയം വക്രക്കുളത്തിന്റെ നവീകരണം. | 127.35 | 100% | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | നബാർഡ് RIDF XXII – തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിലെ ചിക്കമുണ്ടി കുളം & കാവനാട് ചിറ എന്നിവയുടെ മെച്ചപ്പെടുത്തലുകൾ | 122.0 | 100% | പ്രവൃത്തി പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ